കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുതാഴം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.2/1915/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 01.01.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

ചെറുതാഴം ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം:- ചെറുതാഴം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ 2-1, 3-3, 3-5, 3-6, 3-7 ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ്

(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസ് വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇമെയിൽ വഴി)

3) കാര്യാലയ പ്രതി.

.

.

നം കെ. എസ്. എ. /കെ.എൻ.ആർ./സി.2/1915/2018 തീയതി : 01.01.2019

# കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*********

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.06.2017. മുതൽ 22.09.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ബി സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.09.2018. മുതൽ 04.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ.സത്യാനന്ദൻ സി.വി, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീമതി. റീന. പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീമതി. ബിസ്മി എസ്.നായർ, ഓഡിറ്റർ |
| | 4.ശ്രീ.പ്രമോദ് കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.പ്രഭാവതി. | 1-4-17 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.ഡി.നാരായണൻ കുട്ടി | 1-4-17 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ഡി.നാരായണൻ കുട്ടി | 1-4-17 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി നിഷ ജി | 01-04-2017 മുതൽ 24-08-2017 വരെ |
| | ശ്രീ നാരായണൻ പി. | 25-08-2017 മുതൽ 31-03-2018 വരെ |
| അസി.എഞ്ചിനിയർ | ശ്രീ വിദ്യാധരൻ കെ.വി. | 01-04-2017 മുതൽ 01-11-2017 വരെ |
| | ശ്രീമതി കവിത എം. | 02-11-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ(ചെറുതാഴം) | ശ്രീ ഷനിൽ എം. | 01-04-2017 മുതൽ 05-10-2017 വരെ |
| | ശ്രീമതി രജിത രാഘവൻ | 06-10-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ(മണ്ടൂർ) | ശ്രീ രഘുനാഥൻ പി. | 01-04-17 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി പ്രജിന എം. | 01-04-2017മുതൽ 01-12-2017 വരെ |
| | ശ്രീമതി ലത പി. | 02-12-17 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ലേഖ എ. | 01-04-2017മുതൽ 31-07-2017 വരെ |
| | ഡോ.രഞ്ജിത്ത് കുമാർ | 01-08-2017മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ എം.വി.ചന്ദ്രൻ | 01-04-2017മുതൽ 17-06-2017 വരെ |
| | ശ്രീമതി.മരിയ ഗൊറോത്തി.എം.എസ് | 23-06-2017മുതൽ 06-01-2018 വരെ (18-6-17 മുതൽ 22-06-2018 വരെ തസ്തിക ഒഴിഞ്ഞു കിടന്നു) |
| | ശ്രീ രാഗേഷ്.പി.കെ | 30-01-2018മുതൽ 31-03-2018 വരെ (07-01-2018 മുതൽ 29-01-2018 വരെ തസ്തിക ഒഴിഞ്ഞു കിടന്നു) |
| വെറ്റിനറി സർജ്ജൻ | ഡോ.ഹരികുമാർ.എസ് | 01-04-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലേഖ.പി.കെ | 01-04-2017മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ ബി.ദാമോദരൻ | 01-04-2017മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 |
| 13 | പൗരാവകാശ രേഖ | 1-13 |
| | ഭാഗം 2 | |
| | വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | രസീത് ബുക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല. | 2-1 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 16 | തൊഴിൽ നികുതി ഒടുക്കിയ കച്ചവടക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് ഈടാക്കിയില്ല. | 2-3 |
| | ഭാഗം 3 | |
| | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ പദ്ധതി – രേഖകളുടെ അഭാവത്തിൽ ₹330750 തടസ്സപ്പെടുത്തുന്നു. | 3-1 |
| 18 | തെരുവ് വിളക്കുകളുടെ ചാർജ്ജ് അടക്കൽ - ചെലവ് രേഖകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല. 191309/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 19 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -മാർഗ്ഗരേഖ മാനദണ്ഡം ലംഘിച്ച് ചെലവ് – 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 20 | മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക. | 3-4 |
| 21 | ബിറ്റുമിൻ വാങ്ങൽ -- ഭാരത് പെട്രോൾ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ മുഴുവൻ തുകക്കും ബിറ്റുമിൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-5 |
| 22 | അറത്തിപ്പറമ്പ ശ്മശാനം നിർമ്മാണം - പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-6 |
| 23 | പുതിയ പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ - പദ്ധതി -പൂർത്തിയായില്ല | 3-7 |
| 24 | വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ- രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 486068 /- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | കിണർ റിചാർജ്ജിന് സൗകര്യമൊരുക്കൽ - രേഖകൾ ഹാജരാക്കിയില്ല – ₹642320/- തടസ്സപ്പെടുത്തുന്നു | 3-9 |
| 26 | ചെറുതാഴം പി എച്ച് സി യിൽ ആർദ്രം പദ്ധതി - വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല. | 3-10 |
| 27 | പെയിൻ&പാലിയേറ്റീവ് പരിചരണം-കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.-- | 3-11 |
| | ഭാഗം 4 | |
| | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം | |
| 28 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപം | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 39 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 40 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 31-3-2017 ലെ തീരുമാനം നമ്പർ 49/2017 പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് 20-3-18 ന് പുതുക്കിയിട്ടുണ്ട് .ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 30240880.00 |
| വരവ് | 119196000.00 |
| ആകെ | 149436880.00 |
| ചെലവ് | 148210500.00 |
| നീക്കിയിരിപ്പ് | 1226380.00 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 25-05-2018 | തിരിച്ചയച്ചിട്ടില്ല | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28-06-2018 & 29-06-2018 | കെ എസ് എ കെ എൻ ആർ സി2-1338/2018 തീയതി 31-7-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12669748.75 |
| വരവ് | 73537406.00 |
| ആകെ | 86207154.75 |
| ചെലവ് | 86937436.00 |
| നീക്കിയിരിപ്പ് | -730281.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 14593339 | 14593339 | 13442949 | 1150390 | 92.11% |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 3109077 | 3109077 | 2093989 | 1015088 | 67.35 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 11000 | 11000 | 0 | 11000 | 0 |
| മെയിന്റനൻസ്, റോഡ് (ACR | | 20103913 | 20103913 | 11106429 | 8997484 | 55.24% |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3927058 | 3927058 | 2994549 | 932509 | 76.25% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 11286385 | 11286385 | 4639142 | 6647243 | 41.10% |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 414 | 10789324 | 10789738 | 10787976 | 1762 | 100% |
| ബി-ഫണ്ട് | | 844320 | 844320 | 844320 | 0 | 100% |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ – SSA | 150088 | 6064 | 156152 | 0 | 156152 | 100 % |
| ഐ.സി.ഡി.എസ് | 450954 | 867231 | 1318185 | 400000 | 918185 | 30.34% |
| MPLAD | 1900 | 72 | 1972 | 0 | 1972 | 100 % |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വ മിഷൻ | | 117096 | 117096 | 117096 | 0 | 100% |
| വിമുക്തി(എക്സൈസ് വകുപ്പ്) | 25000 | 0 | 25000 | 12500 | 12500 | 50% |
| ലോക ബാങ്ക് സഹായം (സ്റ്റേറ്റ്) | | 882335 | 882335 | 882335 | 0 | 100% |
| ലോക ബാങ്ക് സഹായം (സെൻട്രൽ) | | 2474746 | 2474746 | 2474746 | 0 | 100% |
| ജില്ലാ പഞ്ചായത്ത് | 450000 | 3130000 | 3580000 | 558717 | 3021283 | 84.39 % |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 125000 | 4054745 | 4179745 | 3552511 | 627234 | 84.99 % |
| തനത് ഫണ്ട് GPG ഉൾപ്പെടെ | 6085292.75 | 11904084<br>9543000 (GPG) | 27532376.75 | 22796293 | 47536083.75 | 82.80 % |

## 1-6 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 11250066 | 126 | 56050340 | 44 | 5 | 72% |

2. 2017-18 വർഷത്തിൽ താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 175 |
| പുതിയ പ്രൊജക്ടുകൾ | 118 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 57 |
| ആകെ അടങ്കൽ | 112150066 |
| പൊതു വിഭാഗം | 163 |
| പട്ടികജാതി വിഭാഗം | 11 |
| പട്ടികവർഗ്ഗ വിഭാഗം | 1(ഫണ്ട് തിരിച്ചടവിനുള്ള പ്രോജക്ട്) |

| | |
|---|---|
| നൂതന പ്രൊജക്ടുകൾ | തയ്യാറാക്കിയിട്ടില്ല. |

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള 12 പ്രോജക്ടുകൾക്കായി ആകെ അടങ്കൽ 4534640 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2448755 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടിക ജാതി വിഭാഗത്തിന് പശ്ചാത്തല മേഖലയിൽ വകയിരുത്തിയ രണ്ട് പ്രോജക്ടുകളിൽ അത്തിപ്പറമ്പ് ചക്ലിയ കോളനി ശ്രീവെങ്കിട സുബ്രഹ്മണ്യ ക്ഷേത്ര റോഡ് താറിംഗ് (പ്രോജക്ട് നമ്പർ 154/18 അടങ്കൽ 370000 രൂപ.), അയ്യപ്പൻകാവ് കാപ്പുങ്ങൽ കോളനി റോഡ് ടാറിംഗ് എന്നിവ തൻവർഷം നടപ്പിലാക്കിയിട്ടില്ല. പട്ടിക വർഗ്ഗ ഫണ്ട് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും നടപ്പാക്കിയിട്ടില്ല. (പ്രോജക്ട് നം.170/18 ₹11,000/-)

3.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ ഇനം തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയത് | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 24 | 15 | 62.5 | 18473261 | 6043217 | 32.71 |
| കൃഷി ഓഫീസർ | 10 | 10 | 100 | 8818400 | 8533099 | 96.76 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 100 | 4265000 | 2627995 | 61.62 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 5 | 5 | 100 | 1500000 | 1456931 | 97.12 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 300000 | 300000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വി ഇ ഒ | 10 | 8 | 80 | 12309561 | 2815859 | 22.88 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 7 | 5 | 71.42 | 6619800 | 4544503 | 68.65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 62 | 63.92 | 54512930 | 25634408 | 47.02 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 100 | 3389640 | 2216249 | 65.38 |
| ഹെഡ് മാസ്റ്റർ | 7 | 6 | 85.75 | 1961474 | 1878079 | 95.75 |
| ആകെ | 175 | 126 | 72 | 112150066 | 56050340 | 49.98 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 14.7 പ്രകാരം പദ്ധതി നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയപട്ടിക നിശ്ചിയിക്കേണ്ടതും നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലേയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള സമയപട്ടിക നിശ്ചയിച്ചിട്ടില്ല.

പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് നാമമാത്രമായ ഒരു പത്രിക മാത്രമായി തീരുന്നു. പദ്ധതി പുരോഗതി നിരീക്ഷിച്ച് മോണിറ്ററിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തുകയോ ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്യുന്നില്ല എന്ന പോരായ്മ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ ആകെ 3708 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 153 കുടുംബങ്ങൾ എസ്.സി വിഭാഗത്തിലും 3555 മറ്റുള്ളവരും. തൻവർഷത്തെ വരവ് ചെലവ് കണക്ക് ചുവടെ കൊടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 414 | 655551 | 655965 | 654203 | 1762 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10133773 | 10133773 | 10133773 | 0 |
| ആകെ | 414 | 10789324 | 10789738 | 10787976 | 1762 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102960 | 174 |
| കർഷകതൊഴിലാളി പെൻഷൻ | 8464800 | 2919 |
| വിധവാപെൻഷൻ | 12781700 | 4216 |
| വാർദ്ധക്യകാലപെൻഷൻ | 25236400 | 7503 |
| വികലാംഗപെൻഷൻ | 3877400 | 1257 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 830700 | 276 |
| വിവാഹധനസഹായം | 300000 | 10 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2018ന് 2.50 അപരാഹ്നത്തിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40956/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണം സുഗമവും സുതാര്യവും കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് കൃത്യസമയത്ത് സേവനം ലഭ്യമാക്കുന്നതിനും വേണ്ടി കൃത്യമായ ചുമതലാ വിഭജനം 2-9-2017 ലെ 12/2017ഓഫീസ് ഉത്തരവ് വഴി നൽകിയിട്ടുണ്ട്. പ്രതിമാസ മീറ്റിംഗ് നടത്തി ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ സെക്ഷനുകളും പേർസണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥൻ പ്രതിമാസം പരിശോധിക്കുകയോ സംക്ഷിപ്തം എഴുതുകയോ ചെയ്യുന്നില്ല. സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത

കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകാത്തതും അപാകമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2018 | 01-12-2017 മുതൽ31-12-2017 വരെ | 05-03-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.2017 മുതൽ 25-10-2017 വരെ | 2012-13മുതൽ 2016-17 വരെ | 13-12-2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ മറുപടിക്ക് ശേഷവും നിലനിൽക്കുന്ന അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ കേരളോൽത്സവത്തിൽ (-)20,000 രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

3. ദുരിതാശ്വാസനിധി അക്കൗണ്ടിൽ ബാലൻസ് ഷീറ്റിലെ ബി2 ഷെഡ്യൂളിലെ തുകയും ബി17 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

4. വിവിധ ഡി.സി.ബി.ഇനങ്ങളുടെ സംഗ്രഹം, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ലാപ്സ്ഡ് ഡെപ്പോസിസ്റ്റ് ഇനത്തിലെ തുകയുടെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

6. ഡെപ്പോസിസ്റ്റ്,മുൻകൂർ,ഇൻവെസ്റ്റ്മെൻറ്,ഒഴിവാക്കിയത്,പൊളിച്ച് മാറ്റിയത്,Other rent എന്നിവയുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റിൽ ബി12 ഷെഡ്യൂളിൽ 1,42,33,511 രൂപയുടെ സ്ഥിര നിക്ഷേപങ്ങൾ കാണിച്ചിട്ടുണ്ടെങ്കിലും കേരള ഗ്രാമീൺ ബാങ്ക് ,പിലാത്തറ ശാഖയിലെ സ്ഥിരനിക്ഷേപം സംബന്ധിച്ച് ഒറിജിനൽ എഫ്.ഡി.രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെൻറ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലെ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

8. വസ്തു നികുതി ഇനത്തിൽ പൊളിച്ച് മാറ്റിയതിന്റെയും,നികുതി ഒഴിവാക്കിയതിന്റെയും വിവരം എ.എഫ്.എസിൽ കാണിച്ചിട്ടില്ല.

9. വാടക,വാടക കുടിശ്ശിക,പരസ്യ നികുതി,Other Rent,ബസ്റ്റാന്റ് വരവ്(കുടിശ്ശിക ഉൾപ്പെടെ) എന്നീ ഇനങ്ങളുടെ ഡി.സി.ബി പൊരുത്തപ്പെടുന്നില്ല.

10. വാർഷിക ധനകാര്യപത്രികയിലെ വസ്തു നികുതി ഇനത്തിലെ ഡി.സി.ബി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല.

## 1-13 പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ് . പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധി തമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക ഗ്രാമപഞ്ചായത്ത് 2017ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ രസീത് ബുക്കുകൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയും ഓഫീസ് മുദ്ര പതിപ്പിക്കാതെയുമാണ്. രശീതി ബുക്കുകളുടെ ഉപയോഗത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

( എ) രശീതികളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.

| ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 5202 | 84,85 |
| 5215 | 18,85 മുതൽ 90വരെ |
| 5211 | 1 മുതൽ 43വരെ |
| 5213 | 1 മുതൽ 64വരെ |

(ബി) ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തവ

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|

| | |
|---|---|
| 5213 | 65 മുതൽ 68 വരെ |
| 5192 | 18 |
| 5214 | 1 മുതൽ 2 വരെ |

(സി) വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ രശീതികൾ റദ്ദാക്കിയവ

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 5195 | 79 |
| 5199 | 94 |
| 5200 | 54 |
| 5205 | 70 |

കൂടാതെ രസീത് ബുക്കുകളിൽ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെയും,തുടർച്ചയായി ക്രമ നമ്പറിട്ട് വിതരണം ചെയ്ത രസീത് ബുക്കുകളിൽ അവശേഷിക്കുന്ന രസീതുകൾ ഉള്ളപ്പോൾ തന്നെ തൊട്ടടുത്തരസീത് ബുക്കുകളിൽനിന്ന് രസീത് മുറിച്ചതായും കാണുന്നു. കാര്യക്ഷമമായല്ല രസീത് ബുക്കുകൾ കൈകാര്യം ചെയ്തതെന്ന് ഇതിൽ നിന്നും മനസിലാക്കാൻ സാധിക്കും. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ204(1) (ii)(എ)(1) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും.എന്നാൽ ചെറുതാഴം ശ്രീ രാഘവപുരം(ഹനുമാരമ്പലം) ക്ഷേത്രത്തിലെ ജീവനക്കാർ,ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കരാറുകാർ, അക്ഷയകേന്ദ്രങ്ങളിലെയും, റേഷൻ കടകളിലെയും ജീവനക്കാർ എന്നിവരിൽ നിന്നും 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് 03.10.18 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/17-18) 2017-18 ൽ ഡിമാന്റ് ചെയ്ത മുഴുവൻ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. ഇതിൽ നിന്നും നിയമപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല എന്ന് കാണുന്നു. എല്ലാ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കുവാൻ നിയമപ്രകാരം ബാധ്യസ്ഥരായ

എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവു വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഒടുക്കിയ കച്ചവടക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് ഈടാക്കിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ-232 (1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് (ഈ കാര്യങ്ങൽ ചട്ടങ്ങളുടെ പട്ടിക ൽ കാണിച്ചിട്ടുണ്ട്).സെക്രട്ടറി നൽകുന്ന ലൈസൻസ്സില്ലാതെയും ലൈസൻസ്സിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന കള്ള് ഷാപ്പ് ഉടമകളിൽ നിന്നും 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും മേൽ വകുപ്പിലെ നിർദ്ദേശാനുസരണമുള്ള ഡി&ഒ ലൈസൻസ് പ്രസ്തുത വ്യക്തികൾ 2017-18 സാമ്പത്തികവർഷം എടുത്തിട്ടില്ല.

| ക്രമ നമ്പർ | പേര് | ഈടാക്കിയ തൊഴിൽ നികുതി | രസീത് നമ്പർ/തീയ്യതി |
|---|---|---|---|
| 1 | ശ്രീ. പി.പി.ജയരാജൻ | രണ്ടാം അർദ്ധവർഷം | 117040111507/19.03.2018 |
| 2 | ശ്രീ. കെ .സന്തോഷ് | " | 117040111346/15.03.2018. |
| 3 | ടി.എസ് .നം.40 | " | 117040111468/16.03.2018. |

പ്രസ്തുത സ്ഥാപനം 2017-18 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെയാണ് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ പദ്ധതി -രേഖകളുടെ അഭാവത്തിൽ ₹330750 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 98/18 |
| പ്രൊജക്ടിന്റെ പേര് | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ |
| അടങ്കൽ | വികസന ഫണ്ട്-₹212500<br>ഗുണഭോക്തൃ വിഹിതം-₹212500<br>ആകെ-₹425000 |
| ചെലവ് | ₹330750 – |

| | |
|---|---|
| ബിൽ/ചെക്ക് നം./തിയ്യതി/തുക | 50000/- (ബിൽ നം/തി. 2/14.03.18)<br>47500/-(ബിൽ നം/തി. 3/14.03.18)<br>80000/-(ബിൽ നം/തി. 4/14.03.18)<br>153250/-(ഗുണഭോക്തൃ വിഹിതം ) |

ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ 850 വനിതകൾക്ക് 45-60ദിവസം പ്രായമുള്ള കോഴികളെ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. കോഴികളെ വാങ്ങിയത് സ്വകാര്യ എഗ്ഗർ നഴ്സറിയിൽ നിന്നാണ്.അംഗീകൃത ഫാമിൽ കോഴികൾ ലഭ്യമല്ല എന്നു കാണിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.സ്വകാര്യ ഫാമിൽ നിന്നും വാങ്ങുന്നതിന് സ്വീകരിച്ച നടപടി ക്രമങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. 613ഗുണഭോക്താക്കൾക്ക് കോഴികളെ വിതരണം ചെയ്തിട്ടുണ്ടെങ്കിലും 450 ആളുകളുടെ കൈപ്പറ്റ് രസീത് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ പദ്ധതി ചെലവ് തുകയായ ₹330750 തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്കുകളുടെ ചാർജ്ജ് അടക്കൽ - ചെലവ് രേഖകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല. 191309/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രൊജക്ട് നം/പേര് | 8/18(സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് അടക്കൽ) | |
| അടങ്കൽ | 214438 സംരക്ഷണ ഗ്രാന്റ് (റോഡിതരം) | |
| ചെലവ് | 05/18.09.2017 | 48592 |
| | 08/16.10.2017 | 49126 |
| | 11/15.01.2018 | 47891 |
| | 32/21.03.2018 | 45700 |
| | ആകെ | 191309 |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് കെ എസ് ബിയിൽ തുക ഒടുക്കിയതിന്റെ രശീത് , തെരുവ് വിളക്ക് ചാർജ്ജ് ഒടുക്കുന്നതിന് കെ എസ് ഇ ബി യിൽ നിന്ന് ലഭിച്ചിട്ടുള്ള ഇൻവോയിസ്/താരിഫ്, പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ, കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് (കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറി (നം. 12/17-18 തീ. 01.10.18) ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്) പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് തിട്ടപ്പെടുത്തിയതിന്റെ റിപ്പോർട്ട് എന്നിവ പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ ചെലവ് തുകയായ 191309/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെടുത്താതെ തെരുവ് വിളക്കുകളുടെ ചാർജ്ജ് അടക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ചെലവ് നടത്തിയിട്ടുമുണ്ട്.

| വൌച്ചർ നം/തിയ്യതി | തുക | |
|---|---|---|
| 21700073/19.04.17 | 43511 | 03/17 |
| 21700179/20.05.17 | 43188 | 04/17 |
| 21700274/12.06.17 | 48619 | 05/17 |
| 21700349/11.07.17 | 51166 | 06/17 |
| 21700486/09.08.17 | 45185 | 07/17 |
| 21700926/06.12.17 | 47891 | 10/17 |
| 21700966/23.12.17 | 48832 | 11/17 |
| 21701064/12.01.18 | 51569 | 12/17 |
| 2170/1226/20.05.17 | 2845 | 01/18 |

ഇക്കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/17-18/29.09.18) മറുപടിയിൽ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് ഒടുക്കിയതിന് ശേഷം പ്ലാൻ ഫണ്ടിൽ നിന്ന് തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്യുകയാണ് ഉണ്ടായതെന്ന മറുപടിയാണ് നൽകിയത്. എന്നാൽ ആയതിന്റെ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ തെരുവ് വിളക്കുകൾക്ക് മാസംതോറും പഞ്ചായത്തിൽ നിന്നും ഒടുക്കി വരുന്ന തുക ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വിളക്കുകൾക്ക് തന്നെയാണ് എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 3-3 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -മാർഗ്ഗരേഖ മാനദണ്ഡം ലംഘിച്ച് ചെലവ് - 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/ | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണം | അസി. സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | S0022/18 |
| അടങ്കൽ | 600000 വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 300000 (50000 X 6) |
| വൗച്ചർ നമ്പർ | 4/17-18/30-01-2018 |

1. സ.ഉ(സാധാ)നം.1683/2017 ത.സ്വ.ഭ.വ. തിയ്യതി.23-05-2017 ലെ അനുബന്ധം 1(ക്രമ നമ്പർ

23)പ്രകാരം പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പ്രൊജക്ട് നടപ്പാക്കാവുന്നതാണ്.പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠന മുറി നിർമ്മിക്കാവുന്നതാണ്.നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠന മുറി നിർമ്മിക്കാവുന്നതാണ്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 100 ചതുരശ്ര അടിയിൽ കൂടുതൽ വലുപ്പമുള്ള പഠനമുറി നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് ഒബ്ജക്ഷൻ ഇല്ല എന്ന് സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. (നമ്പർ A3-7430/17 തീയ്യതി.18-12-17). എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ഗുണഭോക്താക്കളുടെ പേര് വിവരം

| ക്രമ നം | ഗുണഭോക്താവ് | വാർഡ് | കെട്ടിട നം. | പഠനമുറി(ച.അ) | നൽകിയ തുക |
|---|---|---|---|---|---|
| 1 | ജോയ് ആർ. | II | 17A | 129.12 | 50000 |
| 2 | രാജീവൻ എം.കെ. | XVI | 138 | 118.14 | 50000 |
| 3 | സുരേഷ് എം.കെ. | XVI | 150 | 129.12 | 50000 |
| 4 | ടി.പി.രങ്കു | XVII | 854 | 124.06 | 50000 |
| 5 | ബിന്ദു എം.പി. | XVII | 749 | 129.12 | 50000 |
| 6 | മീത്തലെ പുരയിൽ ചന്ദ്രിക | XVII | 804 | 125.89 | 50000 |

കൂടാതെ 800 ചതുരശ്ര അടിയിൽ അധികം (817.76 ചതുരശ്ര അടി) വിസ്താരമുള്ള വീടുള്ള ശ്രീ. ടി.പി.രങ്കു എന്ന ഗുണഭോക്താവിനും ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതും മേൽ ഉത്തരവിന് വിരുദ്ധമാണ്.

മേൽ കാരണങ്ങളാൽ 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

ചെറുതാഴം ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി തുകകൾ നൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരെ ആയത് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ- പ്രോജക്ടിന്റെ പേര്-അടങ്കൽ തുക. | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക /ബിൽ നം/ ചെക്ക് നം/ തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നുകളുടെ/ ഉപകരണങ്ങളുടെ വില ₹ | നാളിതുവരെ ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ/ ഉപകരണങ്ങളുടെ വില ₹ |
|---|---|---|---|---|---|---|
| 1 | 47/18-ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- അടങ്കൽ (₹600000) സംരക്ഷണ ഗ്രാന്റ് (റോഡിതരം) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | (1.) 7/17-18 തീയ്യതി. 24.10.17 ₹569976 (2.) 13/17-18 തീയ്യതി.24.02.18 ₹30000 | ഔഷധി | ₹ 547493 | ₹52483 |
| 2 | 46/18 -പാലിയേറ്റീവ് കെയർ, മെഡിസിൻ & മെഡിക്കൽ കിറ്റ് വാങ്ങൽ അടങ്കൽ (₹450000) വികസന ഫണ്ട് | " | 1)15/17-18 തീയ്യതി.19.03.18. ₹43845. | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്. | ഇല്ല | ₹43845. |
| | | | 2) 16/17-18 തീയ്യതി.23.03.18 ₹71400രൂപ | " | ഇല്ല | ₹71400 |
| | ആകെ തുക | | ₹715221 | | ₹547493 | ₹167728 |

തുക കൈപ്പറ്റിയ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ /ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ വാങ്ങൽ -- ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ മുഴുവൻ തുകക്കും ബിറ്റുമിൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണം – അസി. എഞ്ചിനീയർ

പഞ്ചായത്തിലെ വിവിധ റോഡ് പ്രവൃത്തികൾക്ക് വിതരണം ചെയ്യുന്നതിലേക്കായി ബിറ്റുമിൻ വാങ്ങുന്നതിനായി താഴെ പറയുന്ന പ്രകാരം തുകകൾ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ട്.

| ക്രമ നം | തുക നൽകിയതിന്റെ വിവരം | | ബിറ്റുമെൻ ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | ഡി ഡി നം / തീയ്യതി | തുക | ഇൻവോയിസ് നം/ തിയ്യതി | തുക |
| 1 | 000210/18.03.17 | 1788500 | 6300598365/05.04.17 | 661166 |
| 2 | 000215/08.05.17 | 172065 | 198366/05.04.17 | 550971 |
| 3 | 000238/30.06.17 | 39600 | 598500/06.04.17 | 140890 |
| 4 | | | 598501/06.04.17 | 425839 |

| | | | | |
|---|---|---|---|---|
| 5 | | | 608973/17.05.17 | 19715 |
| 6 | | | 608975/17.05.17 | 154480 |
| | ആകെ | 2000165 | | 1953061 |

മേൽ പരാമർശിച്ച പ്രകാരം തുക നൽകിയതിൽ 1953061 രൂപയുടെ ബിറ്റുമിൻ മാത്രമേ ഗ്രാമ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള (2000165-1953061) 47104 രൂപയുടെ ബിറ്റുമിൻ ലഭ്യമാക്കുന്നതിനോ, തുക തിരികെ ലഭിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിതരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 3-6 അറത്തിപ്പറമ്പ് ശ്മശാനം നിർമ്മാണം - പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 150/18 അറത്തിപ്പറമ്പ് ശ്മശാനം നിർമ്മാണം

വകയിരുത്തിയ തുക : 1052500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

2147500( തനത്)

250000(ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് തുക : 1052500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

( ബിൽ നമ്പർ 28/28.02.18)

